മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

സമ്പൂർണ്ണ ജൈവ മാലിന്യ സംസ്കരണം

ആക്ഷൻ പ്ലാൻ

വർഷം: 2026 - 2027

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണം

ആക്ഷൻ പ്ലാൻ

ലക്ഷ്യം :

ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യ സംസ്കരണം. കേരളം ഒറ്റ നഗരമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായി കൈകാര്യം ചെയ്യുക എന്നത് ഒരു പരിഷ്കൃത സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. ആയതിൽ അജൈവ മാലിന്യങ്ങൾ, പ്രത്യേകിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കേരള മാതൃകയായി ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാറിയിട്ടുള്ളതാണ്. എന്നിരുന്നാലും ജൈവമാലിന്യ സംസ്കരണത്തിൽ നമ്മൾ ഇപ്പോഴും പിന്നിലാണ്.

ഈ സാഹചര്യത്തിൽ സംസ്ഥാന തലത്തിൽ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണം നടപ്പാക്കുന്ന മാതൃകാ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിലേക്കായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. 100% ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, ബയോഗ്യാസ്/കമ്പോസ്റ്റ് ഉത്പാദനം വഴി ഊർജ്ജ-വള ഉൽപ്പാദനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിച്ച് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണ ഗ്രാമപഞ്ചായത്തായി മാറ്റുന്നതിലേക്കുള്ള പ്രവർത്തന മാർഗ്ഗരേഖ.

ഹ്രസ്വകാല ലക്ഷ്യങ്ങൾ :

- പ്രവർത്തനരഹിതമായ 165 ഉപാധികൾ പുനഃസ്ഥാപിക്കുക.
- 335 പുതിയ ഉപാധികൾ സ്ഥാപിക്കുക.
- എല്ലാ വാർഡുകളിലും ബോധവൽക്കരണം നടത്തുക.
- ഇൻഒക്കുലം ലഭ്യത ഉറപ്പാക്കുക.
- കമ്മ്യൂണിറ്റി സംവിധാനങ്ങൾ പ്രവർത്തനക്ഷമം ആക്കുക

ദീർഘകാല ലക്ഷ്യങ്ങൾ :

- പഞ്ചായത്തിൽ ജൈവമാലിന്യ .
- ഉറവിട സംസ്കരണം 100% ആക്കുക.
- ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- "സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണ ഗ്രാമപഞ്ചായത്ത്" പ്രഖ്യാപനം നേടുക.

സമയപരിധി:

- ഒരു വർഷത്തിനുള്ളിൽ (നവംബർ 2025 – നവംബർ 2026) പൂർത്തീകരണം.

നിലവിലെ സ്ഥിതി (സംഗ്രഹം) :

- ആകെ യൂണിറ്റുകൾ: 4116 (വീടുകൾ 3727+കടകൾ 315+ സ്ഥാപനങ്ങൾ 74)
- ഉപാധി സ്ഥാപിച്ചത്: 3964 (82.55%)
- പ്രവർത്തനക്ഷമം: 3616 (91.22% of installed)
- പ്രവർത്തനരഹിതം: 183
- അഡീഷണൽ സപ്പോർട്ട് ആവശ്യം: 165

- പുതിയതായി ആവശ്യമുള്ള ഉപാധികളുടെ എണ്ണം : 335 (183 പ്രവർത്തനരഹിതം, 152 പുതിയത് നൽകേണ്ടവ)
- കമ്മ്യൂണിറ്റി സംവിധാനങ്ങൾ: 2 (1 പ്രവർത്തനക്ഷമം)
- ഇനോക്കുലം ഏജൻസി: ഇ നാട് യുവജന കോ.ഓപ്പറേറ്റീവ് സൊസൈറ്റി, വെളിയന്നൂർ

ആക്ഷൻ പ്ലാൻ - ഘട്ടങ്ങൾ :

ഘട്ടം 1: തയ്യാറെടുപ്പ് & ഏകോപനം (നവംബർ 2025)

1. സ്ഥാപനതല ഏകോപന സംവിധാനം രൂപീകരണം

(15 ദിവസത്തിനുള്ളിൽ)

- പഞ്ചായത്ത് തല കോർ കമ്മിറ്റി
- ചെയർമാൻ - ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
- കൺവീനർ - സെക്രട്ടറി
- കോ-ഓർഡിനേറ്റർ - അസിസ്റ്റന്റ് സെക്രട്ടറി

അംഗങ്ങൾ

- വൈസ് പ്രസിഡന്റ്
- ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
- വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
- വി.ഇ.ഒ
- ഹെൽത്ത് ഇൻസ്പെക്ടർ
- ഹരിതകർമ്മസേന പ്രതിനിധി
- കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
- വാർഡ് മെമ്പർമാർ
- ആശാ വർക്കർ പ്രതിനിധി
- ശുചിത്വമിഷൻ പ്രതിനിധി

2. എല്ലാ വാർഡുകളിലും വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുക.

3. കമ്മറ്റികളുടെ പ്രവർത്തനങ്ങൾ

- പഞ്ചായത്ത് തല അവലോകന യോഗം
- വാർഡ് തല യോഗങ്ങൾ
- സർവ്വേ ഡാറ്റ സ്ഥിരീകരണം
- വാർഡ് അടിസ്ഥാനത്തിലുള്ള ഗ്യാപ് അനാലിസിസ്
- ഉപാധി വിതരണ പദ്ധതി തയ്യാറാക്കൽ

4. ബോധവൽക്കരണ ക്യാമ്പയിൻ(IEC) ആരംഭിക്കുക:

- വാർഡ് തല യോഗങ്ങൾ, ക്ലാസുകൾ, ഹോം വിസിറ്റുകൾ.
- മാതൃകാ വീടുകളുടെ പ്രദർശനം.
- സ്കൂൾ-കോളേജ് പ്രോഗ്രാമുകൾ.
- ഗ്രാമസഭ
- വ്യാപാരി സംഗമം
- സോഷ്യൽ മീഡിയ ക്യാമ്പയിൻ
- ഹരിതകർമ്മസേന മുഖേന ഉപാധിസർവ്വേ നടപ്പിലാക്കി ഗ്യാപ്പ് നിർണ്ണയിക്കുക.

ഘട്ടം 2: ഉപാധി പുനരുദ്ധാരണം & ഫംഗ്ഷണൽ ആക്കൽ (ഡിസംബർ 2025 – സെപ്റ്റംബർ 2026)

ക്രമം	പ്രവർത്തനം	ടാർഗറ്റ്	ഉത്തരവാദിത്തം	സമയപരിധി
1	ഉപാധിസർവ്വേ ആരംഭിച്ച തീയതി 03/11/2025	വീട്, സ്ഥാപനം,കട	ഹരിതകർമ്മസേന	നവംബർ2025
2	165 പ്രവർത്തനരഹിത ഉപാധികൾ പരിശോധന	എല്ലാം	ടെക്നീഷ്യൻ ടീം, ഇനോക്കുലം ഏജൻസി	ഫെബ്രുവരി 2026
3	അഡീഷണൽ സപ്പോർട്ട് നൽകൽ	100%	ഇ നാട് സൊസൈറ്റി, ഹരിത കർമ്മ സേന	ജൂലൈ 2026
4	പരിശോധന & സർട്ടിഫിക്കേഷൻ	എല്ലാം	ടാസ്ക് ഫോഴ്സ്	ആഗസ്റ്റ് 2026

ഘട്ടം 3: പുതിയ ഉപാധികൾ സ്ഥാപനം (ഡിസംബർ 2025 - ആഗസ്റ്റ് ***2026)***

ലക്ഷ്യം - 335 പുതിയ ഉപാധികൾ

മുൻഗണന

ഒന്നാം ഘട്ടം

- വലിയ മാലിന്യ ഉത്പാദകരായ സ്ഥാപനങ്ങൾ
- ഹോട്ടലുകൾ
- ഓഡിറ്റോറിയങ്ങൾ
- ബയോഗ്യാസ് പ്ലാന്റ് (വലിയ വീടുകൾ/സ്ഥാപനങ്ങൾ)
- പോർട്ടബിൾ/കമ്പോസ്റ്റ് ബിന്നുകൾ
- കമ്മ്യൂണിറ്റി ലെവൽ സംവിധാനങ്ങൾ (ആവശ്യമെങ്കിൽ കൂടുതൽ)

രണ്ടാം ഘട്ടം

- വീടുകൾ

വിതരണം ചെയ്യാവുന്ന ഉപാധികൾ

- ബയോഗ്യാസ് പ്ലാന്റ്
- പൈപ്പ് കമ്പോസ്റ്റ്
- റിംഗ് കമ്പോസ്റ്റ്
- കിച്ചൻ ബിൻ കമ്പോസ്റ്റർ
- ജി ബിൻ, ബയോബിൻ

വാർഡ് അടിസ്ഥാന പ്രവർത്തനങ്ങൾ

- ഗ്രീൻ വാർഡ് ക്യാമ്പയിൻ
- വീട് സന്ദർശനം
- ഉപാധി പരിശോധന
- പ്രവർത്തനരഹിത ഉപാധി പുനരുജ്ജീവനം
- പരിശീലന ക്ലാസുകൾ**ഇനോക്കുലം വിതരണ പദ്ധതി - പ്രവർത്തനങ്ങൾ**
- മാസാന്ത വിതരണ കലണ്ടർ
- വാർഡ് അടിസ്ഥാന സ്റ്റോക്ക് പോയിന്റ്

- വീടുകളിൽ ലഭ്യത ഉറപ്പാക്കൽ
- പരിശീലനം

ഘട്ടം 4: കമ്മ്യൂണിറ്റി & സ്ഥാപന ലെവൽ സംവിധാനങ്ങൾ

സ്ഥാപനങ്ങൾക്കായുള്ള പ്രത്യേക പദ്ധതി

- സ്ഥാപനങ്ങൾ
- കടകൾ
- ഹോട്ടലുകൾ
- ബേക്കറികൾ
- റസ്റ്റോറന്റുകൾ
- ഓഡിറ്റോറിയങ്ങൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ
- സർക്കാർ ഓഫീസുകൾ

നടപടികൾ

- പ്രത്യേക പരിശോധന
- കമ്പോസ്റ്റിംഗ് നിർബന്ധമാക്കൽ
- എല്ലാ മാസവും മോണിറ്ററിംഗ്

കമ്മ്യൂണിറ്റി സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ

- നിലവിൽ **സ്ഥാപിച്ചിട്ടുള്ള 2 കമ്മ്യൂണിറ്റി യൂണിറ്റുകൾ പ്രൊജക്റ്റ് വച്ച് പ്രവർത്തനക്ഷമമാക്കുക.**

പ്രവർത്തനങ്ങൾ

- ശേഷി വിലയിരുത്തൽ
- പരിപാലനം
- ഇൻഒക്കുലം ലഭ്യത
- ഉത്പാദിപ്പിക്കുന്ന വളത്തിന്റെ വിപണനം

ഘട്ടം 5: ശേഷി വർദ്ധനവ് & പരിശീലനം

- ഹരിത കർമ്മ സേന, ASHA, NHG അംഗങ്ങൾക്ക് പരിശീലനം.
- ഇനോക്കുലം ഉൽപ്പാദനം & വിതരണം ശക്തിപ്പെടുത്തുക.
- മോണിറ്ററിങ് ടീമിന് മൊബൈൽ ആപ്പ്/ഡിജിറ്റൽ ട്രാക്കിങ് സിസ്റ്റം/ **ഹരിതമിത്രം ആപ്പ്ളിക്കേഷനിൽ പരിശീലനം** .

ഘട്ടം 6: മോണിറ്ററിങ്, വിലയിരുത്തൽ & തുടർപ്രവർത്തനങ്ങൾ

- ഓരോ മാസവും റിവ്യൂ യോഗങ്ങൾ (പ്രസിഡന്റ് അധ്യക്ഷത).
- ഡാഷ്ബോർഡ്: ഓരോ വാർഡിലെയും ഫംഗ്ഷണൽ യൂണിറ്റുകളുടെ ശതമാനം.
- ഇൻസെന്റീവ് സ്കീം: മികച്ച വാർഡുകൾക്ക് റിവാർഡ്.
- റവന്യൂ മോഡൽ:കമ്പോസ്റ്റ് വിറ്റ് വരുമാനം.
- തുടർ പരിപാലന ഫണ്ട് രൂപീകരിക്കുക.

മോണിറ്ററിങ്

- ദിവസേന - ഹരിതകർമ്മസേന റിപ്പോർട്ട്
- ആഴ്ചതോറും - വാർഡ് തല അവലോകനം
- മാസത്തിലൊരിക്കൽ - പഞ്ചായത്ത് തല അവലോകനം
- മൂന്ന് മാസത്തിലൊരിക്കൽ - ജില്ലാ തല പരിശോധന

ആവശ്യമായ വിഭവങ്ങൾ :

മാനവ വിഭവം: ഹരിത കർമ്മ സേന ശക്തിപ്പെടുത്തൽ, ടെക്നീഷ്യൻ ടീം.

ഫണ്ട്:

- പദ്ധതി വിഹിതം
- MNREGS സബ്സിഡി
- 15th CFC
- ഗ്രാമപഞ്ചായത്ത് ഫണ്ട്
- CSR

പൂർത്തീകരണ മാനദണ്ഡങ്ങൾ :

- 100% വീടുകൾ/സ്ഥാപനങ്ങൾ ഉപാധി ഉള്ളത്.
- 100% ഉപാധികൾ പ്രവർത്തനക്ഷമം.
- മാസം തോറും കമ്പോസ്റ്റ് ഉൽപ്പാദന റിപ്പോർട്ട്.
- പ്ലാസ്റ്റിക് മാലിന്യം വേർതിരിവ് 100%.

വിജയ സൂചകങ്ങൾ (Key Performance Indicators) :

സൂചിക	നിലവിൽ	ലക്ഷ്യം
ഉപാധി കവറേജ്	82.55%	100%
പ്രവർത്തനക്ഷമത	91.22%	100%
സ്ഥാപന കവറേജ്	90%	100%
വീടുകളുടെ കവറേജ്	82.55%	100%
കമ്മ്യൂണിറ്റി സംവിധാനം	2	(100% പ്രവർത്തനം)
ഇൻഒക്കുലം ലഭ്യത	ഭാഗികം	സ്ഥിരം

സമയക്രമം (90 ദിവസത്തെ മിഷൻ മോഡ്) :

മാസം 1

- വാർഡ് യോഗങ്ങൾ
- ഗ്യാപ് അനാലിസിസ്
- 165 പ്രവർത്തനരഹിത ഉപാധികളുടെ പുനരുജ്ജീവനം

മാസം 2

- 126 പുതിയ ഉപാധികളുടെ വിതരണം
- പരിശീലനം
- സ്ഥാപന പരിശോധന

മാസം 3

- ശേഷിക്കുന്ന 209 ഉപാധികളുടെ പ്രോജക്ട് രൂപീകരണവും അനുബന്ധപ്രവർത്തനങ്ങളും
- അന്തിമ പരിശോധന
- സർട്ടിഫിക്കേഷൻ തയ്യാറെടുപ്പ്

പ്രഖ്യാപനത്തിനായുള്ള അന്തിമ മാനദണ്ഡങ്ങൾ

- ✓ എല്ലാ 4116 ഉറവിടങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനം
- ✓ എല്ലാ ഉപാധികളും പ്രവർത്തനക്ഷമം
- ✓ എല്ലാ സ്ഥാപനങ്ങളിലും ഉറവിട സംസ്കരണം
- ✓ കമ്മ്യൂണിറ്റി സംവിധാനങ്ങൾ പൂർണ്ണ പ്രവർത്തനം
- ✓ ഇനോക്കുലം സ്ഥിരമായി ലഭ്യം
- ✓ മാലിന്യ ശേഖരണത്തിലേക്ക് ജൈവമാലിന്യം എത്താത്ത അവസ്ഥ
- ✓ വാർഡ് അടിസ്ഥാന സ്വയംസാക്ഷ്യപ്പെടുത്തൽ പൂർത്തീകരണം
- ✓ ജില്ലാ-സംസ്ഥാനതല പരിശോധന വിജയകരമായി പൂർത്തീകരിക്കൽ

പ്രതീക്ഷിക്കുന്ന ഫലം:

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിനെ കേരളത്തിലെ സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണ ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ പ്രഖ്യാപിക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും കൈവരിക്കുക.

*****